ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാള ഐ.ടി.ഐ. രണ്ടാം നില ഐ.ടി.ഐ.-ൽ നിന്നും ഒന്നാം നിലയായി ഉയർത്തുകയുണ്ടായി. ഇതുവഴി 37 പുതിയ തസ്തികകൾ സൃഷ്ടിച്ചു നിലവിലുണ്ടായിരുന്ന മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്വെയർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, പ്ലംബർ എന്നീ ട്രേഡുകൾക്ക് അഡീഷണൽ യൂണിറ്റുകൾ ആരംഭിച്ചു. പുതിയ 6 ട്രേഡുകളിൽ 'ആർക്കിടെക്ചറൽ അസിസ്റ്റന്റ്', കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, ഇലക്ട്രീഷ്യൻ, ഫുഡ് പ്രൊഡക്ഷൻ (ജനറൽ) ലെൻസ് ഗ്രൈന്റിംഗ്, സാനിട്ടറി ഹാർഡ്വെയർ, ഫിറ്റർ എന്നീ ട്രേഡുകൾക്ക് രണ്ടു യൂണിറ്റുകൾ വീതം അനുവദിച്ചു. ഒന്നാം ഗ്രേഡായി ഉയർത്തിയതിന്റെ ഭാഗമായി കെട്ടിട നിർമ്മാണത്തിനായി 56,50,000 രൂപ അനുവദിച്ചു. ടി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

മാള ഐ.ടി.ഐ.ൽ പി.പി.പി. സ്കീമിൽ ഉൾപ്പെടുത്തി കൺസ്ട്രക്ഷൻ ആന്റ് വുഡ് വർക്കിംഗ് സെക്ടർ (സി.ഒ.ഇ.) പുതുതായി ആരംഭിക്കുന്നതിനും നിലവിലുള്ള ട്രേഡുകളായ ട്രാഫ്റ്റ്മാൻ (സിവിൽ), ഇലക്ട്രോണിക് മെക്കാനിക്, ഫിറ്റർ എന്നീ ട്രേഡുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും 2009-10 വർഷത്തിൽ അംഗീകാരം ലഭിക്കുകയുണ്ടായി ഇതിലേക്കായി പലിശരഹിത വായ്പയായി 2.5 കോടി കേന്ദ്ര സർക്കാരിൽ നിന്നും ഐ.എം.സി. സൊസൈറ്റിയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് കൺസ്ട്രക്ഷൻ ആന്റ് വുഡ് വർക്കിംഗ് സെക്ടർ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും യന്ത്രസാമഗ്രികളുടെ സംഭരണ നടപടികളും നടന്നുവരുന്നു.

ഐ.ടി.ഐ.-കളിൽ അനുവദിച്ച പുതിയ കോഴ്സുകൾ

62(2314) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പുതുതായി ആരംഭിച്ച ഓരോ ഐ.ടി.ഐ.-യിലും എത്ര പുതിയ കോഴ്സുകൾ ആരംഭിച്ചു ;

(ബി) ഇനിയും പുതിയ ഐ.ടി.ഐ.-കൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008-ൽ ആരംഭിച്ച 13 ഐ.ടി.ഐ-കളിലും 2009-ൽ ആരംഭിച്ച 10 ഐ.ടി.ഐ.-കളിലും ഓരോ ഐ.ടി.ഐ.-യിലും രണ്ടു ട്രേഡുകൾ വീതം ആരംഭിച്ചിട്ടുണ്ട്. 2010-ൽ അനുവദിച്ച 15 ഐ.ടി.ഐ.-കളിൽ 9 എണ്ണത്തിൽ 3 ട്രേഡുകൾ വീതവും ശേഷിച്ച 6 ഐ.ടി.ഐ.-കളിൽ രണ്ടു ട്രേഡുകൾ വീതവുമാണ് അനുവദിച്ചിട്ടുള്ളത്. 2008-ൽ ആരംഭിച്ച 13 ഐ.ടി.ഐ.-കളിൽ പരമ്പരാഗത ട്രേഡുകൾക്കു പുറമേ ആറ് പുതിയ ട്രേഡുകളിലും 2009-ൽ ആരംഭിച്ച 10 ഐ.ടി.ഐ.-കളിൽ ഒരു പുതിയ ട്രേഡിലും പരിശീലനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 2011-12 സാമ്പത്തിക വർഷം, നിലയ്ക്കാമുക്ക്, പള്ളിപ്പാട്, പീരുമേട്, തൂക്കുപാലം, പെരിഞ്ഞനം, വടക്കാഞ്ചേരി, കൂറ്റനാട്, പെരിന്തൽമണ്ണ, ചാത്തമംഗലം, ചെറുകുന്ന്, പുതക്കുളം, കുന്നത്തൂർ, കൂത്തുപറമ്പ്, കൊടുവള്ളി എന്നീ സ്ഥലങ്ങളിലായി പുതിയ 14 ഐ.ടി.ഐ.-കൾ കൂടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

പള്ളിപ്പാട് പഞ്ചായത്തിൽ ഐ.ടി.ഐ.

63(2315) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട്ട് പഞ്ചായത്തിൽ ഒരു ഐ.ടി.ഐ. അനുവദിക്കണം എന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഐ.ടി.ഐ.-യുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) സ്വന്തമായി സ്ഥലസൗകര്യമുണ്ടെങ്കിൽ ഐ.ടി.ഐ. തുടങ്ങുന്നതിന് മുൻഗണന നൽകും എന്ന സർക്കാർ നയം പള്ളിപ്പാട് ഐ.ടി.ഐയുടെ കാര്യത്തിൽ പാലിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2011-12 വർഷം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.ഐ.-കളുടെ കൂട്ടത്തിൽ പള്ളിപ്പാടും ഉൾപ്പെടുന്നു.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

64(2316) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ നിയോജക മണ്ഡലത്തിൽ എത്രപേരാണ് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇതിന്റെ പഞ്ചായത്തുതല വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതിപ്രകാരം ചികിത്സ തേടാവുന്ന സ്വകാര്യ ആശുപത്രികൾ മണ്ഡലത്തിലുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) 11,570 കുടുംബങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly